രചന: അബ്ദുൽ അസീസ്, തേങ്ങാട്ട്

## ഭാഗം 2

# ജുമുഅ ഖുതുബ

പിറ്റേന്ന് ബഷീറും യൂസുഫ് മൗലവിയും വന്നു. കുശലാനേഷണങ്ങൾക്കു ശേഷം ക്ഷുദ്രകൃതിയം കുറച്ചു നോട്ട്സും ഞാൻ പുറത്തെടുത്തു.

ജുമുഅ ഖുതുബയെ സംബന്ധിച്ചു വേർപാടുകാരന്റെ അഭിപ്രായം വായിക്കാം "മോനേ നോക്കൂ തർക്കവിഷയങ്ങൾ ഓരോന്നും നമുക്കു പരിശോധിക്കാം. ഒന്നാമതായി ഖുതുബ പരിഭാഷയെടുക്കാം. അറബിയിൽ ഖുതുബ ഓതിയാൽ ശരിയാവുമെന്ന് എല്ലാവരും പറയുന്നു. അതിലാർക്കും സംശയമില്ല. എന്നാൽ മലയാള ഖുതുബ നടത്തിയാൽ ജുമുഅ സഹിഹല്ലെന്ന് സുന്നികൾ പറയുന്നു. അപ്പോൾ ഒരു നിഷ്പക്ഷമതിക്കു ഏതു സ്വികരിക്കുകയാണ് നല്ലത് ? എല്ലാവരും അംഗികരിക്കുന്ന അറബി ഖുതുബയല്ലെ".

മലയാളത്തിൽ നടത്തിയാൽ ശരിയാവില്ലന്ന് സുന്നികൾ പറയുന്നു എന്നാണല്ലോ പറയുന്നത്. നാട്ടിലുള്ള സുന്നികളിലധികവും ശാഫിഈ മദ്ഹബുകാരായതുകൊണ്ട് നമുക്കവരെ ശാഫികൾ എന്നു വിളിക്കാം. ശാഫിഈ മദ്ഹബിന്റെ പ്രമുഖ പണ്ഡിതരുടെ ഉദ്ധരണികൾ പരിശോധിക്കാം. മലയാളം എന്നു പറയുന്നതിനേക്കാൾ അനറബി എന്നു പറയുന്നതായിരിക്കും കുടുതൽ ശരി.

ആദ്യമായി, ഖുതുബയുടെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് ശാഫിഈ മദ്ഹബിലെ പണ്ഡിതരുടെ ചർച്ച നമുക്ക് ശ്രദ്ധിക്കാം .

ഉപദേശ വചനം നിർണ്ണിതമല്ല കാരണം ഖുതുബയുടെ ഉദ്ദേശം വഅളാകുന്നു.(വജിസ് - ഇമാം ഗസ്സാലി)

ഏതു വചനം കൊണ്ട് ഉപദേശിച്ചാലും ഉദ്ദേശം നേടി. ഇത് ശാഫിഈ(റ) തന്റെ പുതിയ അഭിപ്രായം രേഖപ്പെടുത്തിയ ഇംലാഇൽ പറഞ്ഞിട്ടുള്ളതാണ്. (ഇമാം റാഫിഈ)

ഇമാം റാഫിഈ വിണ്ടും പറയുന്നു.

ഖുതുബയുടെ സാക്ഷാൽ ഉദ്ദേശമായ വഅള് ജനങ്ങളെ കേൾപ്പിക്കുന്നതുകൊണ്ട് മാത്രമേ പ്രയോജന പ്പെടുകയുള്ളു. ശബ്ദം ഉയർത്തിയാലേ അത് ശരിയാവുകയുള്ളു. (ശറഹുൽ വജിസ് - 4/585)

അദ്ദേഹം തുടരുന്നു.

ഖുതുബകൊണ്ടുള്ള ഉദ്ദേശം ഹൃദയങ്ങളെ അലിയിപ്പിക്കുകയും അശ്രദ്ധരെ ഉയർത്തുകയുമാണ്. അത് ജനങ്ങളെ തുണയ്ക്കുന്ന പ്രേരക വചനങ്ങളിലൂടെ മാത്രമേ കരസ്ഥമാകൂ ഇപ്രകാരമാണ് പൂർവ്വികന്മാർ നടന്നത് . ശാഫിഈ മദ്ഹബിനോട് യോജിച്ചതും അത് പിൻപറ്റലാണ്. (ശറഹുൽ വജിസ് - 4/577)

ഇമാം നവവി പറയുന്നു.

ഖുതുബ ആകർഷണിയവും എളുപ്പം ഗ്രഹിക്കാവുന്ന വചനങ്ങളും ആയിരിക്കണം. (മിൻഹാജ്)

അദ്ദേഹം വിണ്ടും പറയുന്നു.

വിവിധ അർത്ഥമുള്ള, സദസ്യർക്ക് ഗ്രഹിക്കാൻ കഴിയാത്ത പദപ്രയോഗം നിഷിധമാണ്. ശ്രോതാക്കൾക്ക് അറിയാവുന്ന വിധത്തിൽ അവരോട് സംസാരിക്കണം. അല്ലാഹുവിനേയും റസൂലിനേയും നിഷേധിക്കുന്നതിനെ നിങ്ങൾ ഇഷ്ടപ്പെടുന്നുവോ എന്ന് അലി(റ)യിൽ നിന്ന് ബുഖാരി ഉദ്ധരിച്ച തിരുവചനം പണ്ഡിതർ ഇതിനു തെളിവു നൽകുന്നു. (ശറഹുൽ മുഹദ്ദബ് 4-528)

ഖുതുബ എല്ലാവർക്കും ഗ്രാഹ്യമാകണം. അഥവ ഭൂരിഭാഗത്തിന്നു മനസ്സിലാകണം. (ബാഫളൽ 2/41)

ശാഫിഈ മദ്ഹബിലെ നിഷേധിക്കപ്പെടാനാവാത്ത പണ്ഡിതനായ ശൈഖ് ഇബ്നു ഹജർ ഹൈതമി പറയുന്നു.

ഇവിടെ ഖുതുബകൊണ്ട് ഉദ്ദേശിക്കുന്നത് ശറഇയായ ഉപദേശങ്ങളിൽ അതിപ്രധാനപ്പെട്ട കാര്യങ്ങൾ ഉത്ബോധിപ്പിക്കലാകുന്നു. അത് മറക്കാതിരിക്കാൻ എല്ലാ ജുമുഅകളിലും അത് ആവർത്തിക്കൽ നിർബന്ധമായി. കാരണം ഇങ്ങിനെ ആവർത്തിക്കപ്പെടുന്നത് ഒരിക്കലും മറന്നുപോവുകയില്ല. (തുഹ്ഫ -2/338)

ഇന്ത്യയിലെ പ്രധാന ഹദിസ് പണ്ഡിതനായ അല്ലാമ നദിർ ഹുസൈൻ അദ്ദഹ്ലവി പറഞ്ഞതായി ഔനുൽ മഅ്ബൂദിൽ ഉദ്ധരിക്കുന്നു " ശ്രോതാക്കൾ അറബി അറിയാത്ത ഇതര ഭാഷക്കാരായാൽ അവരുടെ ഭാഷയിൽ അത് വിവരിച്ചുകൊടുക്കണം. കാരണം ഉത്ബോധന ഉപദേശങ്ങൾ അനറബി രാജ്യങ്ങളിൽ അവരുടെ ഭാഷയിൽ പറഞ്ഞുകൊടുക്കാതെ ഫലപ്രദമാകുകയില്ല. (ഔനുൽ മഅ്ബൂദ് - 2/445)

ഖുതുബയുടെ ഉദ്ദേശ്യം മനസ്സിലായല്ലോ . ഖുതുബ അനറബി ഭാഷയിൽ പാടില്ല എന്നതിനു രണ്ടു കാരണങ്ങളാണല്ലോ പറയാനുള്ളത്. ഒന്ന്, ജുമുഅ എന്നത് ളുഹ്റിന്റെ രണ്ട് റകഅത്ത് ചുരിക്കിയതാകുന്നു. രണ്ട്, ചുരുക്കിയ രണ്ടു റകഅത്തിന്റെ സ്ഥാനത്താകുന്നു രണ്ടു ഖുതുബ. അതിനാൽ നമസ്കാരം അറബിയിൽ ആയതു പോലെ ഖുതുബയും അറബിയിലാക്കേണ്ടതാകുന്നു. ഇങ്ങനെ തന്നെയല്ലേ ? ഞാൻ യൂസുഫ് മൗലവിയുടെ മുഖത്തേക്കു നോക്കി ചോദിച്ചു. ബഷിറും അദ്ദേഹത്തിന്റെ മുഖത്തേക്ക് ആകാംക്ഷയോടെ നോക്കി.

അതെ , യൂസുഫ് മൗലവി മറുപടി പറഞ്ഞു.

അപ്പോൾ എനി നമുക്ക് നോക്കാനുള്ളത് ശാഫിഈ മദ്ഹബിലെ മസ്അലകൾ ആധികാരികമായി പറയാൻ അവകാശമുള്ളത് ആർക്കാണ്?

ഇമാം ശാഫിഈ(റ)ക്കു തന്നെ ബഷിർ പറഞ്ഞു.

എന്നാൽ അതെ ശാഫിഈ (റ) പറയുന്നു,

ഇമാം ബുഖാരി "ബാബു ഖത്ലി അബീ റാഫിഅ്" എന്ന അധ്യായത്തിൽ വിവരിച്ച ചരിത്ര ഗ്രന്ഥങ്ങളിൽ അറിയപ്പെടുന്ന ഇബ്നു അബിൽ ഹുഖൈഖിനെ വധിക്കാൻ പോയ ഭടന്മാർ നബിയുടെ ഖുതുബക്കിടയിൽ തിരിച്ചുവന്നു . നബി അവരോട് വാർത്തകൾ അന്വേഷിച്ചു . കൊല നടത്തിയതിൽ അവർ പരസ്പരം കലഹിച്ചു . നമസ്കാര സ്വഭാവം ഖുതുബക്കുണ്ടായിരുന്നെങ്കിൽ ഒരിക്കലും ഖുതുബക്കിടയിൽ നബി അവരോട് സംസാരിക്കുമായിരുന്നില്ല. ഇമാമിന്റെ വീക്ഷിച്ചിരിക്കുന്ന ശ്രോതാക്കൾക്കായി സംസാരം ഉപേക്ഷിക്കാൻ ബാധ്യസ്ഥൻ ഇമാമാകുന്നു. - അൽ ഉമ്മ് - 1 - 180

വെള്ളിയാഴ്ച ഖുതുബകളിലോ അതല്ലാത്ത ഖുതുബകളിലോ ഖത്വീബിന്നോ മറ്റുള്ളവർക്കോ ആവശ്യമായ കാര്യം ജനങ്ങളുടെ ഭാഷയിൽ സംസാരിക്കുന്നതിന്നു യാതൊരു ദൂഷ്യവുമില്ല . (അൽ ഉമ്മ് 1 - 179)

ശാഫിഈ(റ) ബലപ്പെട്ട അഭിപ്രയം ജുമുഅ ളുഹ്റിന്റെ സമയത്താണ് നിർവ്വഹിക്കപ്പെടുന്നതങ്കിലും അതൊരു സ്വതന്ത്ര നമസ്കാരമാകുന്നു. പ്രവാചകനിൽ നിന്നും ഉമർ(റ) അത് ഉദ്ധരിച്ചിട്ട് ഉണ്ട് . നിർമിത വാദികൾ പരാജിതരാണ് (കിതാബുൽ മുഗ്നി 1/276)

ശാഫിഈയുടെ പക്കൽ ബലപ്പെട്ടത് ജുമുഅ ഒരു പൂർണ്ണ നമസ്കാരമാണെന്നും ഖുതുബ രണ്ട് റകഅത്ത് നമസ്കാരത്തിനു പകരമല്ലെന്നുമാണ്. (മിസാനുൽ കുബ്റ, ശഅ്റാനി- 1/127)

ശാഫിഈ മദ്ഹബിലെ രണ്ടാം ശാഫിഈ എന്നറിയപ്പെടുന്ന ഇമാം നവവി പറയുന്നു.

ജുമുഅ നമസ്കാരം രണ്ടു റകഅത്തും അതൊരു പൂർണ്ണ നമസ്കാരവുമാണ്. ളുഹ്ർ ചുരുക്കിയതല്ല. അത് നബിയുടെ നാവിലൂടെ ഉമർ(റ)ൽ നിന്ന് അഹ്മദ്, ഇബ്നുമാജ , നസാഈ തുടങ്ങിയവർ ഉദ്ധരിച്ചിട്ടുമുണ്ട്. (ശറഹുൽ മുഹദ്ദബ്-4/53)

ഖുതുബയെ നമസ്കാരത്തോട് സാമ്യമാക്കൽ ഒരിക്കലും ശരിയല്ല. കാരണം നമസ്കാരം സംസാരംമൂലം നഷ്ടമാകും. ഖുതുബ അങ്ങിനെയല്ല. (ശറഹുൽ മുഹദ്ദബ് - 5 - 535)

എനി നമുക്ക് ചർച്ച ചെയ്യാനുള്ളത് രണ്ട് റക്അത്ത് നമസ്കാരത്തിനു പകരമാണോ രണ്ടു ഖുതുബ എന്നുള്ളതാണ്.

ഇമാം ശാഫിഈ (റ) പറയുന്നതു കാണുക. "ഇമാം ബുഖാരി ബാബു ഖത്ലി അബി റാഫിഅ് എന്ന അദ്ധ്യായത്തിൽ വിവരിച്ച , ചരിത്ര ഗ്രന്ഥങ്ങളിൽ അറിയപ്പെടുന്ന ഇബ്നു അബിൽ ഹുഖൈഖിനെ വധിക്കാൻ പോയ ഭടന്മാർ നബി(സ)യുടെ ഖുതുബയ്ക്കിടയിൽ തിരിച്ചു വന്നു. നബി(സ) അവരോട് വാർത്തകൾ

അന്വേഷിച്ചു. കൊല നടത്തിയതിൽ അവർ അന്യോന്യം തർക്കിച്ചു. നമസ്കാര സ്വഭാവം ഖുതുബയ്ക്ക് ഉണ്ടായിരുന്നങ്കിൽ ഒരിക്കലും ഖുതുബയ്ക്കിടയിൽ നബി(സ) അവരോട് സംസാരിക്കുമായിരുന്നില്ല. ഇമാമിന്റെ സംസംരം വിക്ഷിച്ചിരിക്കുന്ന ശ്രോതാക്കൾക്കായി സംസാരം ഉപേക്ഷിക്കാൻ ബാധ്യസ്ഥൻ ഇമാമാകുന്നു. ഞഅൽ ഉമ്മ് -180)

വിണ്ടും അദ്ദേഹം പറയുന്നു. ഇബ്നു അബിൽ ഹുഖൈഖിനെ വധിക്കാൻ പോയവരോടും സുലൈഖുൽ ഗത്ഫാനിയോടും നബി(സ) സംസാരിച്ചത് ആവശ്യത്തിന്നായിരുന്നു. നമസ്കാരത്തിന്റെ സ്വഭാവം ഖുതുബയ്ക്കുണ്ടായിരുന്നെങ്കിൽ നബി(സ) ഒരിക്കലും ഖുതുബയ്ക്കിടയിൽ അവരോട് സംസാരിക്കുമായിരുന്നില്ല. ( ഹാമിശ് ഉമ്മ്-1/113)

ഇമാം റാഫിഈ പറയുന്നു. ''ഈ തർക്കം ചില ഇമാമുകൾ ഖുതുബ രണ്ട് റകഅത്ത് നമസ്കാരത്തിനു പകരമാണെന്ന് ധരിച്ചതിൽ നിന്ന് ഉടലെടുത്തതാണ്.'' (ശറഹുൽ വജിസ്-4/584)

ഇമാം നവവി പറയുന്നു. ''ഖാളി ഹുസൈനും, ബഗ്വിയും മറ്റ് ചിലരും ഖുതുബയ്ക്ക് ഹംദ്, സ്വലാത്ത് പോലെ ഉപദേശവചനവും നിർണ്ണിത പദവുംവേണമെന്നും പറയുന്നത് ഖുറാസാനി ചേരിയിൽപ്പെട്ട ദുർബ്ബലവാദവും പിഴവുമാകുന്നു.'' (ശറഹുൽ മുഹദ്ദബ്-4/520)

ഇതിനെക്കുറിച്ച് ശൈഖ് സകരിയ്യ അൽ അൻസാരി പറയുന്നു. "ദുർബ്ബല വാദത്തിലൂടെ ഖുതുബക്ക് നിയ്യത്തടക്കം ഹംദ് സ്വലാത്ത് വസിയ്യത്ത് ഇവക്കെല്ലാം നിർണ്ണിത വചനം തന്നെ വേണമെന്നുവരെ പറഞ്ഞവരുണ്ട്. ഖുതുബ നിർവഹിക്കുന്നുവെന്നോ അത് ഫർളാണെന്നോ കരുതേണ്ടതില്ല. അത് ഖുതുബ രണ്ട് റക്അത്ത് നമസ്കാരത്തിന്റെ സ്ഥാനത്താണെന്ന ദുർബലവാദത്തിൽ നിന്നും ഉടലെടുത്തതാണ്." (ശറഹ് റനഇ-2/75)

ഇമാം ശാഫിഈ പറയുന്നു: വെള്ളിയാഴ്ച ഖുതുബകളിലോ മറ്റു ഖുതുബകളിലോ ഖതിബിനോ മറ്റുള്ള വർക്കോ ആവശ്യമായ കാര്യം ജനങ്ങളുടെ ഭാഷയിൽ സംസാരിക്കുന്നതിന് യാതൊരു ദൂഷ്യവുമില്ല.(അൽ ഉമ്മ് -1/179)

ഇനി ശാഫിമദ്ഹബിലെ മറ്റു പണ്ഡിതർ എന്തു പറയുന്നു എന്ന് നോക്കാം .

തുഹ്ഫയിൽ ഇബ്നു ഹജർ അൽഹൈതമി പറയുന്നു അറബി ശർത്വാണെന്ന് പറഞ്ഞത് ഖുത്തുബയുടെ ഫർളുകൾ അറബി ആയിരിക്കൽ ശർത്വാണെന്നാണ് . ഫർള് അല്ലാത്തവക്കല്ല. (2/341)

ശർവാനി പറയുന്നു. ''ഫർള് അല്ലാത്തവക്ക് അറബി ശർത്വില്ലന്ന് പറഞ്ഞതിന്റെ ഉദ്ദേശം ഖുതുബയുടെ ഫർളല്ലാത്ത അനുബന്ധങ്ങൾ ഇതര ഭാഷയിൽ ആകുന്നതുകൊണ്ട് ഫർളുകൾ ക്രമം തെറ്റുകയില്ലന്നാകുന്നു.'' (2/341)

ഇമാം റംലി പറയുന്നു. ''ഖുതുബ അറബിയിൽ ശർത്വുണ്ടെന്ന് പറഞ്ഞതിന്റെ ഉദ്ദേശം രണ്ടു ഖുതുബയുടെയും ഫർളുകൾ അറബി ആയിരിക്കൽ ശർത്വാണെന്നാണ്.'' (നിഹായ - 1/305)

ഇതിനെ വ്യാഖ്യാനിച്ചുകൊണ്ട് ശർവാനി പറയുന്നു. "രണ്ടു ഖുതുബയുടെയും ഫർളുകൾ അറബി ആവലാണ് ഇതുകൊണ്ടുദ്ദേശിക്കപ്പെട്ടത് എന്ന് വന്നപ്പോൾ ഫർളുകൾക്കിടയിലെ അനുബന്ധങ്ങൾ ഇതരഭാഷയിൽ ആകുന്നതുകൊണ്ട് ദോഷമില്ലന്ന് ഗ്രഹിക്കാം." (നിഹായ-1/305)

ഇമാം നവവിയുടെ ഗ്രന്ഥമായ മിൻഹാജിന്ന് ഇമാം മഹല്ലി എഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു.

"ഖുതുബ മുഴുവനും അറബിയാവണമെന്ന് പറഞ്ഞതിന്റെ ഉദ്ദേശം ഖുതുബയുടെ ഫർളുകൾ അറബിയായിരിക്കൽ ശർത്വാണ്. അവക്കിടയിലെ വഅള് ദിർഘിച്ചാലും അതിന്റെ ക്രമം തെറ്റുകയില്ല. (1/156).

ഫത്ഹുൽ അലാമിൽ പറയുന്നു. അറബി ശർത്വാണെന്ന് പറഞ്ഞത് ഖുതുബയുടെ ഫർളുകളിൽ മാത്രമാണ് . ഫർള് അല്ലാത്തവയിൽ അറബി അറിഞ്ഞിരുന്നാലും ഇതര ഭാഷമതി.

ഫത്ഹുൽ മുഈനിന്റെ പരിഭാഷയിൽ പറയുന്നു. ഖുതുബയ്ക്ക് പറഞ്ഞ ശർത്വുകളെല്ലാം ഫർളുകൾക്കുമാത്രം ബാധകമാണ് (ഇആനത്തുത്വാലിബിൻ)

നാലു മദ്ഹബുകളുടെയും ഫിഖ്ഹ് വിവരിക്കുന്ന ഗ്രന്ഥത്തിൽ പറയുന്നു. "ശാഫിയാക്കൾ ഖുതുബയുടെ ഫർളുകൾ അറബിയാവണമെന്ന് പറയുന്നു. എന്നാലത് ജനത അറബി അറിയുന്നവരായാലാണ് അതല്ലെങ്കിൽ ഫർളുകളും അറബിയിൽ ആവണമെന്നില്ല." (അൽഫിഖ്ഹു ഫിൽ മദാഹിബിൽ അർബഅ -1/393)

അല്ലാമ ബാജൂരി പറയുന്നു. "ഖുതുബയുടെ ഫർളുകൾ അറബിയിലാവണമെന്ന് പറഞ്ഞത് ശ്രോതാക്കളിൽ അറബി അറിയുന്നവർ ഉണ്ടായാലാണ്. അതല്ലെങ്കിൽ ഖുർആൻ വചനം ഒഴിച്ചുള്ളതെല്ലാം ഇതര ഭാഷയിൽ മതി. ഖുർആൻ അറബിയിൽ തന്നെ വേണം." (ബാജൂരി 1-228)

ഇമാം മഹല്ലി പറയുന്നു. "ചെറിയ പെരുന്നാൾ ഖുതുബയിൽ ഫിത്ർ സകാത്തിനെക്കുറിച്ചും ബലിപെരുന്നാൾ ഖുത്ബയിൽ ഉളുഹിയത്തിനെക്കുറിച്ചും ശ്രോതാക്കൾക്കു പഠിപ്പിച്ചുകൊടുക്കൽ ഖത്വിബിനു സുന്നത്താകുന്നു." (മഹല്ലി-1/30)

"ഖുതുബ മുഴുവനും - അതിൻെറ അർക്കാനുകൾ മുഴുവൻ - രണ്ടു ഖുതുബയിലും അറബിയിലാവൽ നിബന്ധനയാണ്. എന്നാൽ ജനങ്ങൾക്ക് അറബി അറിയാമെങ്കിൽ പോലും അർക്കാനുകൾ അല്ലാത്തത് മറ്റു ഭാഷകളിൽ നിർവ്വഹിക്കുന്നത് കൊണ്ട് യാതൊരു തകരാറുമില്ല". (ഖൽയൂബി 1/278)

"--------അല്ലാത്ത പക്ഷം ആയത് ഒഴിച്ചു ബാക്കിയുള്ളത് അനറബിയിൽ ആവുന്നതിന് വിരോധമില്ല" (ബുജൈരിമി)

"ഖുത്തുബ രണ്ടും അറബിയിലായിരിക്കൽ ശർത്വാക്കപ്പെട്ടു. അത് കൊണ്ട് ഉദ്ദേശ്യം അവ രണ്ടിൻെറയും അർക്കാനുകളാണ്." (ഇഖ്നാഅ് 2/187)

ബഷീറിനോടും യൂസുഫു മുസ്‌ലിയാരോടുമായി ഞാൻ പറഞ്ഞു, ഇപ്പോൾ തന്നെ ധാരാളം പണ്ഡിതരുടെ ഉദ്ധരണികൾ ഞാൻ നിങ്ങളുടെ മുന്നിൽ അവതരിപ്പിച്ചു . ശാഫിഈ മദ്ഹബിലെ പ്രസിദ്ധരും നിഷേധിക്കപ്പെടാൻ പറ്റാത്തവരും മുജ്തഹിദ് പദവിയുള്ളവരുമായ പണ്ഡിതന്മാരുടെ അഭിപ്രായങ്ങളാണ് ഇതെല്ലാം. അതല്ല ഈ ഉദ്ധരണികളെല്ലാം മുജാഹിദുകൾ അവരുടെപേരിൽ കെട്ടിയുണ്ടാക്കിയതാണെന്ന വിശ്വാസം ഉണ്ടോ?. കാര്യം ആത്മാർഥതയോടെ മനസ്സിലാക്കാനാണെങ്കിൽ ഇതു ധാരാളമാണ് . ഇവരെല്ലാവരും അനറബി ഭാഷയിൽ ഖുതുബ ഓതുന്നതിന് യാതൊരു തെറ്റും ഇല്ലായെന്നും അർകാനുകൾ ഒഴിച്ചുള്ളത് അതാതുനാട്ടിലെ ഭാഷയിൽ പറയണമെന്നും ഏകോപിച്ചു പറഞ്ഞതായി നാം കണ്ടു. ഇവരാരും മുജാഹിദുകളോ, ഇബ്നു തൈമിയ്യയുടെയോ മുഹമ്മദ് ബിൻ അബ്ദിൽ വഹാബിൻെറയോ ആളുകളോ അല്ല. എനി ഈ പറഞ്ഞതിനൊന്നും അങ്ങിനെയല്ല അവർ ഉദ്ദേശിച്ച അർത്ഥം എങ്കിൽ ശരിയായ അർത്ഥം നിങ്ങൾ പറയൂക. മജിദ് മാസ്റ്റർ ഹോട്ടൽ മുതലാളിയുടെ നാവിലൂടെ എന്താണ് പറയിപ്പിച്ചത്. മലയാള ഖുതുബ നടത്തിയാൽ ജുമുഅ സ്വഹിഹല്ലെന്ന് സുന്നികൾ പറയുന്നു. ഏതാണ് മാസ്റ്ററുടെ സുന്നികൾ എന്ന് വ്യക്തമാക്കിയാൽ നന്നായിരുന്നു , അദ്ദേഹത്തിൻെറ മദഹബും . ഞാൻ മേൽ ഉദ്ധരിച്ചവരൊന്നും സുന്നികളും ശാഫിഈകളും അല്ലേ ? നിങ്ങൾ സ്വയം ചിന്തിക്കുക.

എനി നമുക്കു കേരള ചരിത്രം ഒന്നു പരിശോധിക്കാം. ഇവിടെ നൂറു വർഷങ്ങൾക്കു മുമ്പേ മലയാള ഭാഷയിൽ ഖുതുബ പരിഭാഷയുണ്ട്. നിങ്ങളുടെ അഭിപ്രായത്തിൽ മുജാഹിദുകൾക്ക് കേവലം 80 വർഷത്തെ പ്രായമല്ലേ ഉള്ളു. അപ്പോൾ 100 വർഷം മുമ്പു മലയാളത്തിൽ ഖുതുബ നിർവ്വഹിച്ചവർ ആരായിരുന്നു. സുന്നികളാൽ തുടങ്ങുകയും 50 വർഷത്തോളം നിരാക്ഷേപം അവർ കേരളത്തിൽ മലയാളത്തിൽ നടത്തുകയും ശേഷം 1947 ലെ മീഞ്ചന്ത പ്രമേയത്തിലൂടെ മലയാള ഖുതുബ നിർത്താൻ ആവശ്യപ്പെടുകയും ചെയ്തു. പക്ഷെ അവർ നിർത്തിയപ്പോൾ മുജാഹിദുകൾ നിർത്തിയില്ല , അവർ ഹറാം എന്നു പറഞ്ഞപ്പോൾ മുജാഹിദുകൾ ഹറാം എന്നു പറഞ്ഞില്ല എന്നു മാത്രമേയുള്ളു. അപ്പോൾ മലയാള ഖുതുബയുടെ ഉപജ്ഞാതാക്കൾ യഥാർത്ഥത്തിൽ സുന്നികൾ - സമസ്തക്കാർ - തന്നെ.

അതിനു വല്ല തെളിവുകളും നിങ്ങളുടെ പക്കൽ ഉണ്ടോ? ബഷിർ ചോദിച്ചു.

ഉണ്ടല്ലോ നമുക്ക് അതിലേക്ക് കടക്കാം. കേരളത്തിലെ ഒന്നാമത്തെ പള്ളിയായി പരിഗണിച്ചു വരുന്ന കൊടുങ്ങല്ലൂരിലെ വലിയ ജുമുഅത്ത് പള്ളി , കേരളത്തിൽ ഇസ്‌ലാമത പ്രബോധനത്തിനായി എത്തിയ മാലിക് ബിൻ ദീനാറും കൂട്ടരും നിർമ്മിച്ചതാണ് ഈ പള്ളി. ഇതിൽ പുരാതന കാലംതൊട്ടു ഈ അടുത്ത ചില

വർഷങ്ങൾ വരെ മലയാളത്തിലായിരുന്നു ഖുതുബ. നിങ്ങൾക്കു അന്വേഷിച്ചുനോക്കാം .

1900 ൽ സ്വലാഹുൽ ഇഖ്‌വാൻ മാസികയുടെ പത്രധിപരായിരുന്ന സി. സൈതാലി കുട്ടി മാസ്റ്റർ നബാത്തി ഖുത്തുബ മലയാളത്തിൽ തർജുമ ചെയ്തു മിമ്പറിൽ വെച്ചു വായിക്കുന്നതു പ്രയോജനകരമായിരിക്കും എന്ന് കാണിച്ചു കൊണ്ട് ഒരു ലേഖനം എഴുതുകയുണ്ടായി . അന്നത്തെ പണ്ഡിതൻമാർ ആരും തന്നെ അതിനെ എതിർത്തില്ല. എന്നാൽ അതിനെ അങ്ങേയറ്റം അനുകൂലിച്ചു കൊണ്ട് പ്രസിദ്ധ മത പണ്ഡിതനും അനേകം ജുമാഅത്ത് പള്ളികളുടെ മേൽഖാളിയുമായിരുന്ന കൊച്ചി തക്കിയാവിൽ തോട്ടും മുഖത്ത് പുത്തൻ വീട്ടിൽ പൊന്നാനി വലിയ സിറായത്തുങ്ങൽ അസ്സയ്യിദ് അബൂബക്കർ ബിൻ അബ്ദുൽ റഹ്മാനിൽ ഹൈദ്രോസ് വലിയ കോയക്കുട്ടി തങ്ങൾ ഖുതുബയുടെ തർജുമ എന്ന ശിർഷകത്തിൽ എഴുതിയ കത്ത് സ്വലാഹുൽ ഇഖ്‌വാൻ പത്രത്തിൽ നിന്നും ഇവിടെ കൊടുക്കുന്നു.

സ്വലാഹുൽ ഇഖ്വാൻ പത്രാധിപർ അവർകൾക്ക് ----------- എന്നാൽ കഴിഞ്ഞ ജമാദുൽഅവ്വൽ പതിനാറുമായിട്ടു പ്രസിദ്ധം ചെയ്ത അഞ്ചാം നമ്പർ കടലാസിൽ നിങ്ങളുടെ മുമ്പ് പള്ളിപ്പുറം ലേഖകൻെറ അഭിപ്രായം വായിച്ചതിൽ എൻെറ അഭിപ്രായത്തെ താഴെ പറയുന്നു. ജുമുഅയുടെ ഖുതുബ മലയാളം വാക്കിൽ ചിലത് ഞാൻ തർജുമ ചെയ്തു ഓതിച്ചു നോക്കിയതിൽ ആമിങ്ങളായ ജനങ്ങൾ മിക്കതും ദിൻ കാര്യത്തിൽ വളരെ അറിവും ഉണ്ടായി വരുന്നു. ഖുതുബ തർജുമ ചെയ്ത് ഓതുന്നതാണ് നല്ലത്യെന്ന് ഇതിനെ ഒരു ശാഹിദ് ആക്കുന്നു. അതുകൊണ്ട് മലയാളം വാക്ക് തെറ്റുകൂടാതെ ഖുതുബ തർജുമ ചെയ്യുന്ന ഉത്തരവാദിത്വം സ്വലാഹുൽ ഇഖ്വാൻ പത്രാധിപർ ഏൽക്കുന്നതായാൽ എൻെറ സ്വാധിനത്തിലുള്ള സകല പള്ളികളിലും ഓരോന്ന് എടുക്കുന്നതും തർജുമക്കും അച്ചടിപ്പിനും വേണ്ടിവരുന്ന ചിലവിലേക്ക് ഓരോ ജുമുഅത്ത് പള്ളിയുടെ അവസ്ഥ പ്രകാരം അഞ്ചുറുപ്പിക മുതൽ പത്തുറുപ്പിക വരേയും എൻെറ സ്വന്തം അഞ്ചുറുപ്പികയും കൊടുപ്പാൻ നിശ്ചയിച്ചതിൽ പത്രാധിപരുടെ തിർപ്പ് തൃപ്തിയായി കണ്ടാൽ പകുതിയും തർജുമ പകുതി അച്ചടിച്ചു കിട്ടിയാൽ ബാക്കിയും അടച്ചു കൊടുപ്പാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു. അതുകൊണ്ട് മലയാളം മുസ്ലിംകളുടെ ഇടയിലുള്ള ഖാളിമാരേ ഖതിബുമാരേ പള്ളികാരണവന്മാരേ അല്ലാഹു തആലാൻെറ പക്കന്നുള്ള ഈ ഖൈറാത്ത് കൊള്ളെ നിങ്ങൾ തിരിഞ്ഞുകൊൾവിൻ . നമ്മളെ നാട്ടുകാരായ അറിവില്ലാത്ത സാധുക്കൾ വെള്ളിയാഴ്ച തോറുമെങ്കിലും ഈ ഉറുതി കേട്ട് മനസ്സിലാക്കിയ സ്വാലിഹിങ്ങളായിത്തിരുന്നതിനാൽ അവരും നിങ്ങളും സ്വർഗ്ഗംകൊണ്ട് ജയംപേറുവാൻ കാരണമായിത്തിരുന്ന സംഗതിയിൽ ഉത്സാഹിക്കുവിൻ. എൻെറ മേൽ പറഞ്ഞ ഉത്സാഹം ശരിയായതാണെങ്കിൽ നിങ്ങൾ എല്ലാവരും എന്നോട് യോജിക്കുവിൻ -------- (സ്വലാഹുൽ ഇഖ്വാൻ രണ്ടാം പുസ്തകം ഏഴാം ലക്കം 1318 ശഅ്ബാൻ 16 (1900 ഡിസംബർ 7)

നിരവധി പണ്ഡിതന്മാർ ഇതിനു അനുകൂലമായി പ്രതികരിച്ചു. സനാഉല്ല മക്തി തങ്ങൾ എഴുതിയ കത്ത്. " സ്വലാഹുൽ ഇഖ്വാൻ പത്രാധിപർക്ക് അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബറക്കാത്തുഹു നിങ്ങളുടെ പത്രത്തിൽ ജുമുഅ ഖുതുബ മലയാളം ഭാഷയിൽ തർജുമ ചെയ്തു നടത്തണമെന്നതിനെപ്പറ്റി നിങ്ങൾക്കു പുറമെ പള്ളിപ്പുറം ലേഖകനും എൻെറ സ്നേഹിതൻ അങ്ങാടിപ്പുറം സയ്യിദ് അബൂബക്കർ തങ്ങളും എഴുതിയ കത്തുകളും വായിച്ചു. ജുമുഅ ഖുതുബയുടെ ശർത്തുകൾ ഒഴികെയുള്ള നസിഹത്ത് ഏതു ഭാഷയി ലുമായിരിക്കുന്നത് ജാഇസാണെന്ന് ഫിഖുഹ് കുതാബുകളുടെ മുസന്നിഫിങ്ങൾ വെളിച്ചമാക്കി പറഞ്ഞതാണ് . നിങ്ങൾ നാട്ടിൽ നടപ്പിലിരിക്കുന്ന ഖുത്തുബ കിതാബ് തർജുമ ചെയ്യിപ്പിച്ചു അച്ചടിക്കുന്നുവെങ്കിൽ അതിൻെറ ഭാഷ നന്നാക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുന്നു. നിങ്ങളുടെ ഇത്തരം ഇഖ്വാനുകളെ ഇസ്ലാഹ് ചെയ്യുവാനുള്ള അമലുകൾക്ക് അല്ലാഹു തആല ബർക്കത്തു ചെയ്യട്ടെ എന്നു ദുആ ചെയ്യുന്നു. ഖുത്തുബ അറിവില്ലാത്തവർ തർജുമ ചെയ്താൽ കാര്യം അപകടമാകും. അതിനാൽ നല്ല ഖുത്ബ പരിഭാഷ പുസ്തകം എല്ലാ മഹല്ലുകാർക്കിടയിലും എത്തണം. അതിനുനിങ്ങൾ മുൻകൈ എടുക്കുമെന്ന് കരുതട്ടെ. അറബി ഭാഷയുമായി ബന്ധം വിടാനും മലയാള ഭാഷ ചിത്തയായിത്തിരാനും ഇടവരാതിരിക്കാനും ശ്രമിക്കണം. (സ്വലാഹുൽ ഇഖ്വാൻ പുസ്തകം-2 ലക്കം-9,1900 ഡിസംബർ -21)

അങ്ങിനെ ദിനി തത്പരരായ പണ്ഡിതരുടെ നിർദ്ദേശ പ്രകാരം സൈതാലിക്കുട്ടി മാസ്റ്ററുടെ നേതൃത്വത്തിൽ ഇബ്നു നബാതത്വുൽ മിസ്രിയുടെ ഖുതുബ പുസ്തകം തിരൂരിലെ ദിനുൽ ഇസ്ലാം സഭ സെക്രട്ടറി യായിരുന്ന മൊയ്തിൻ കുട്ടി മുസ്ലിയാർ വൈലത്തൂര് മലയാളത്തിലേക്ക് 1902 ൽ പരിഭാഷപ്പെടുത്തി. ആ പുസ്തകത്തിനു അക്കാലത്തെ 40 വിശ്രുത പണ്ഡിതൻമാർ എഴുതിയ സമ്മതപത്രവും ചേർത്തിരുന്നു. അവരെല്ലാം ഖുതുബ മാതൃഭാഷയിൽ നിർവ്വഹിക്കണമെന്നും ഈ തർജുമ പള്ളി ഖത്വിബുമാർ ഉപയോഗി ക്കണമെന്നും ഏകകണ്ഠമായി അഭിപ്രായപ്പെട്ടിരുന്നു. അന്നത്തെ സമസ്തയിലെ പ്രഗത്ഭരായ പല പണ്ഡി തൻമാരും മുശാവറ കമ്മിറ്റി അംഗങ്ങളും ഔദ്യോഗിക സ്ഥാനം വഹിച്ചിരുന്നവരും ആ കൂട്ടത്തിലുണ്ടായിരുന്നു.

ഉദാഹരണത്തിനായി ചിലരുടെ പേരുകൾ തരാൻ പറ്റുമോ ? ബഷിർ ഉത്സാഹത്തോടെ ചോദിച്ചു.

40 പേരുടെയും പേരുകൾ തരാമല്ലോ ഞാൻ പറഞ്ഞു. വേണമെങ്കിൽ ഈ വിഷയത്തിൽ അവർ പ്രകടിപ്പിച്ച അവരുടെ അഭിപ്രായങ്ങളും തരാം. ഞാൻ പറഞ്ഞു .

അഭിപ്രായങ്ങൾ വേണമെങ്കിൽ മറ്റൊരു അവസരത്തിൽ ഞാൻ വാങ്ങിക്കൊള്ളാം ഇപ്പോൾ 40 മുസ്ലിയാമാരുടെ പേരുകൾ തരിക, ബഷീർ പറഞ്ഞു .

ഇതാ അതിൻെറ ഒരു ലിസ്റ്റ് തന്നെ ഞാൻ ഉണ്ടാക്കിവെച്ചിട്ടുണ്ട് . ലിസ്റ്റ് ഞാൻ ബഷീറിനെ ഏൽപ്പിച്ചു .

ബഷീർ വായന ആരംഭിച്ചു.

1. ഞവനക്കോട് പീടികക്കൽ ഏനിക്കുട്ടി മുസ്ലിയാർ 2, കരിൻചാപ്പാടി കട്ടിലശേശരി ആലി മുസ്ലിയാർ 3, പൊന്നാനി മഖ്ദൂം തങ്ങളെ മകൻ പുതിയകത്ത് അബ്ദുറഹ്മാൻ എന്ന കുഞ്ഞാവ മുസ്ലിയാർ 4, പള്ളിപ്പുറം മടത്തൊടുക യൂസുഫ് മുസ്ലിയാർ 5, തുന്നൽവീട്ടിൽ മുഹമ്മദ് മുസ്ലിയാർ 6, കൊല്ലോളി അഹ്മദ്കുട്ടി മുസ്ലിയാർ പുളിക്കൽ 7, ഹിന്ദുസ്ഥാനി മുൻഷി തലശേശരി ടി യു കുഞ്ഞഹമ്മദ് മൗലവി 8, ചാപ്പനങ്ങാടി

വെള്ളോങ്ങര ഹസസൻ മുസ്‌ലിയാർ - ചാപ്പനങ്ങാടി ബാപ്പു മുസ്‌ലിയാരുടെ പിതാവ് - 9, പൊന്നാനി പുതിയ പടത്തല അലി മുസ്‌ലിയാർ 10, പാറൂര് വെളിയത്ത് കുഞ്ഞഹമ്മദ് മുസ്‌ലിയാർ .

11, ചേറൂര് മണ്ടോട്ടിൽ മൊയ്തീൻ മുസ്‌ലിയാർ 12, മൗലവി മുഹമ്മദ് ബിൻ യൂസുഫ് ഫള്ഫരിയ്യിൽ മാടത്തൊടിയ്യി 13, കോക്കൂര് പുത്തൻപുരയിൽ മക്കു എന്ന മരക്കാർ മുസ്‌ലിയാർ 14, കോഴിക്കോട് ഖാളി സയ്യിദ് ഹുസൈൻ തങ്ങൾ 15, റഹ്മാൻ ഹൈദ്രോസ് കുഞ്ഞിക്കോയ തങ്ങൾ 16, വെളിയങ്കോട്ട് ഒദളക്കാട്ടിൽ അഹ്മദ് മുസ്‌ലിയാർ 17, ഇരുവേരി പുതിയ പുരയിൽ മുഹ്‌യിദ്ധീൻ കുഞ്ഞു മുസ്‌ലിയാർ 18, തിരൂരങ്ങാടി ചാലിലകത്ത് മൗലവി മുഹമ്മദ് ഹാജി 19, അണ്ടത്തോട് തേൻപറമ്പിൽ കാദിർകുട്ടി മുസ്‌ലിയാർ 20, പെരുംപടപ്പ് തോപ്പിൽ വീരാൻ മുസ്‌ലിയാർ

21, പൊൻമണ്ടത്ത് വലിയാക്കതൊടുകയിൽ കാളി സയ്യിദ് മുഹമ്മദുൽബാരിയ്യിൽ ഹുസൈനിയ്യ് എന്ന ആറ്റക്കോയ തങ്ങൾ 22, തിരൂര് പടിഞ്ഞാറെ പീടികക്കൽ കുഞ്ഞമ്മു മുസ്‌ലിയാർ 23, കൂട്ടായി ചട്ടീക്കൽ അബ്ദുല്ലക്കുട്ടി മുസ്‌ലിയാർ 24, കോക്കൂര് മാമ്പയിൽ ഹാജി അഹ്മദ് മൗലവി 25, ഇരിങ്ങാവൂർ മാദക്കൽ അബ്ദുൽ റഹ്മാൻ മുസ്‌ലിയാർ 26, ഷർണ്ണൂർ ചോരാത്ത് കോയ മുസ്‌ലിയാർ 27, പൊന്നാനി പുളിക്കലകത്ത് കുഞ്ഞാവ മുസ്‌ലിയാർ 28, മൗലവി അഹ്മദ് ബ്നു നൂറുദ്ദീൻ മുല്ലവി-24

(ഇത് സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ സ്ഥാപക നേതാവായ എ.പി അഹ്മദ് കുട്ടി മൗലവി പാങ്ങ് ആകുന്നു) 29, കൊണ്ട്വെട്ടി താനാരി ഹസ്സൻകുട്ടി മൗലവി , 30, പൊൻമണ്ടത്ത് പരമ്പാട്ട് മൂസാലികുട്ടി മുസ്‌ലിയാർ

31, കൈപ്പറ്റ കരിംപനക്കൽ മമ്മദ് കുട്ടി മുസ്‌ലിയാർ 32, മയ്യഴിയിൽ ശൈഖ് ഹാജി മുഹമ്മദ് മൗലവി 33, നെട്ടൂര് ശാഹുൽ ഹമീദ് എന്ന കൊച്ചുണ്ണി 34, ആലുവായി കുഞ്ഞുണ്ണിക്കരയിൽ ഹൈദറു മുസ്‌ലിയാർ 35, ആലപ്പുഴ 50ം നമ്പർ മാളികയിൽ സുലൈമാൻ മൗലവി 36, എം മുഹമ്മദ് അബ്ദുൽ ഖാദർ മൗലവി വക്കം - മുസ്‌ലിം പത്രാധിപർ 37, വടുതല മുഹമ്മദ് ഹാജി ഹമദാനി ശൈഖ് തങ്ങൾ 38, വി അബ്ദുൽ ഖാദിർ ലബ്ബ മൗലവി സീറാസി 39, ശൈഖ് ഇബ്രാഹിം ആരിഫ് ബില്ലാഹി ചിശ്ത്തിൽ ഖാദിരിയ്യിൽ വേലൂരി 40, ശൈഖ് മുഹമ്മദുൽ ചിശ്ത്തിൽഖാദിരിയ്യി കവരത്തി .

ബഷീർ ഒരു നെടുവീർപ്പിട്ടു . അവന്നു വിശ്വസിക്കാൻ സാധിക്കുന്നില്ല. എല്ലാം പ്രധാനപ്പെട്ട പണ്ഡിതർതന്നെ . എല്ലാ നല്ല കാര്യവും മുജാഹിദുകളാണല്ലോ നടപ്പിലാക്കാറ്. ഈയൊരു നല്ലകാര്യം സുന്നികളാണല്ലോ ആദ്യം നടപ്പിലാക്കിയത് . പിന്നെന്തെ അവർ ഇത് 45 വർഷത്തിന്നുശേഷം ഹറാമാക്കി. അവൻ ചിന്തിച്ചു. അവനൊരു എത്തുംപിടിയും കിട്ടുന്നില്ല . അവൻ ആ കാര്യം എന്നോട് ചോദിച്ചു .

ഞാൻ പറഞ്ഞു , രാത്രി കാലങ്ങളിലെ വഅളിന്നു കുറെ സ്ത്രീകളും കുട്ടികളുമാണുണ്ടാവുക . അത് കുറച്ച് കഥയും ബൈതുമായി നേരം കളഞ്ഞാൽ മതി . എന്നാൽ ജുമുഅക്ക് എല്ലാവരും വരും. അവർക്കു ഉപദേശം കൊടുക്കണം . ഖുതുബ നമസ്കാരത്തിന്നു മുമ്പായതുകൊണ്ട് എഴുന്നേറ്റുപോകാനും പറ്റില്ല. അപ്പോൾ ജനങ്ങൾ ദീൻ പഠിക്കും . അങ്ങിനെ സമൂഹത്തിൽനിന്നും ബിദ്അതും ഖുറാഫാത്തും നീങ്ങിപ്പോകും . ഇതു മുൻകൂട്ടിക്കണ്ട ചിലരുടെ ബുദ്ധിയായിരിക്കാം ഇതിന്റെ പിന്നിൽ .

ഇതുകഴിഞ്ഞു 45 വർഷങ്ങൾക്കുശേഷമാണ് സമസ്തയിലെ പണ്ഡിതന്മാർക്കു ഭൂതോദയമുണ്ടായത് . 1947 ൽ സമസ്ത മീഞ്ചന്തയിൽ സമ്മേളനംകൂടി ഒരു പ്രമേയംമൂലം ഖുതുബ പരിഭാഷ ഹറാമാക്കി . അത് ഇപ്രകാരം വായിക്കാം,

" ജുമുഅന്റെ ഖുതുബയിൽ അറബി ഭാഷയല്ലാതെ ഉപയോഗിക്കുന്നത് നല്ലതല്ലാത്തതും മുങ്കറത്തായ ബിദ്അത്തുമാണെന്ന് ഈ യോഗം തീർച്ചപ്പെടുത്തുന്നു . ഇന്ന് ഖുതുബ പരിഭാഷ നടപ്പിലുള്ള ജുമുഅത്ത് പള്ളി ഭാരവാഹികളോടും ഖത്വീബുമാരോടും അത് നിർത്തൽ ചെയ്‌വാൻ ഈ യോഗം ഉപദേശിക്കുകയും ചെയ്യുന്നു .

ഇപ്പോൾ മനസ്സിലായല്ലോ ഖുതുബ മലയാളത്തിൽ തുടങ്ങിയതും അവസാനിപ്പിച്ചതും മുജാഹിദുകളല്ല. മദ്ഹബിന്റെ ഇമാമുകളുടെയും പണ്ഡിതരുടെയും പൂർവ്വ സമസ്തക്കാരുടെയും പിന്തുണ ഇക്കാര്യത്തിൽ മുജാഹിദുകൾക്കാകുന്നു .

യൂസുഫ് മൗലവിക്ക് എന്തെങ്കിലും പറയാനുണ്ടോ ? ഞാൻ അദ്ദേഹത്തോട് ചോദിച്ചു .

ഞങ്ങളെല്ലാം സമസ്തയെ പിന്തുണക്കുന്നവരാണ്. ഒന്നുംകാണാതെ അവർ പ്രമേയം പാസ്സാക്കില്ല . ഇക്കാര്യത്തിൽ എനിക്കിത്രയെ പറയാനുള്ളു . യൂസുഫ് മൗലവി പറഞ്ഞു . ഈ വിഷയം അതോടെ നിർത്തി .